കയർ വ്യവസായം

*129. [447] ശ്രീ ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവ്യവസായത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാനായി കേന്ദ്ര ഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ള സ്റ്റഡിഗ്രൂപ്പിൻെറ രൂപീകരണം സംബന്ധിച്ച് സംസ്ഥാന ഗവണ്മെൻറുമായി കേന്ദ്രം വല്ല ആലോചനകളും നടത്തിയിട്ടുണ്ടോ ;

(ബി) ഈ പഠനഗ്രൂപ്പിൻെറ രൂപീകരണം സംസ്ഥാന ഗവണ്മെൻറിൻെറ കയർ വ്യവസായവികസന പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(സി) ഈ ഗവണ്മെൻറിൻെറ കയർവ്യവസായ വികസന പദ്ധതി എന്നു മുതൽ പ്രാവർത്തികമാക്കാമെന്നാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു് ;

(ഡി) ഈ പദ്ധതിയോടുള്ള കേന്ദ്രഗവണ്മെൻറിൻെറ സമീപനം എന്താണെന്നു് വ്യക്തമാക്കുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.

(ബി) പഠനഗ്രൂപ്പിൻെറ റിപ്പോർട്ടിന്മേൽ ഇൻഡ്യാഗവണ്മെൻറ് എടുക്കുന്ന തീരുമാനമറിഞ്ഞതിനുശേഷമേ സംസ്ഥാന ഗവണ്മെൻറിൻെറ കയർ വ്യവസായ വികസന പദ്ധതിയെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോയെന്നു് പറയുവാൻ സാധിക്കുകയുള്ളൂ.

(സി) ഒരു മാസത്തിനുള്ളിൽ നടപ്പിൽ വരുത്തുന്നതാണു്.

(ഡി) പ്രസ്തുത പദ്ധതി കേന്ദ്ര ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണെന്നു് കേന്ദ്രഗവണ്മെൻറ് സംസ്ഥാനഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

പുതിയ വ്യവസായങ്ങൾ

130. [448] ശ്രീ. ഇ. അഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിനും പുതിയ വ്യവസായങ്ങളാരംഭിക്കുന്നതിനും ഗവണ്മെൻറ് വല്ല സാമ്പത്തിക സഹായങ്ങളും നൽകുന്നുണ്ടോ ;

(ബി) എങ്കിൽ അങ്ങിനെ നൽകുന്ന സഹായങ്ങളുടെ സ്വഭാവമെന്തു് ;

(സി) ഇതനുസരിച്ച് സ്റ്റേറ്റിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ എത്രപേർക്ക് സഹായങ്ങൾ നൽകി ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ടു്.

(ബി) വ്യവസായ സഹകരണസംഘങ്ങൾക്കും ചെറുകിട വ്യവസായികൾക്കു് ആദ്യ ജാമ്യത്തിലും വസ്തു ജാമ്യത്തിലും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നുണ്ടു്. ചെറുകിടവ്യവസായ കോർപ്പറേഷൻ ഹയർ പർച്ചേസു് വ്യവസ്ഥയിൽ മെഷിൻ നൽകുകയും വ്യവസായ സ്ഥാപനത്തിനു് വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡു് നൽകുകയും ചെയ്യുന്നുണ്ടു്. ഇതിനുംപുറമേ ഗവണ്മെൻറ് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിനുവേണ്ടി ഗ്യാരണ്ടിയും കേരളസ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷൻ വൻകിട വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ളവർക്കു് ഓഹരി പങ്കാളിത്തവും മറ്റു സാമ്പത്തികസഹായവും നൽകിവരുന്നുണ്ടു്.

(സി) 1968–69-ൽ 241 വ്യവസായ സ്ഥാപനങ്ങൾക്കു് വായ്പ നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly